# Visit of President-Elect of the 76th General Assembly of the United Nations and Minister of Foreign Affairs of Maldives to India (July 22-24, 2021)

July 21, 2021

---

**ഐക്യരാഷ്ട്ര സഭ 76 മത് ജനറൽ അസ്സെംബ്ലി പ്രസിഡന്റായ മാലദ്വീപ് വിദേശകാര്യ മന്ത്രിയുടെ ഇന്ത്യൻ സന്ദർശനം(ജൂലൈ 22-24, 2021)**

ജൂലൈ 21, 2021

1. ഇന്ത്യൻ വിദേശകാര്യമന്ത്രി ഡോ. എസ് ജയശങ്കറിന്റെ ക്ഷണപ്രകാരം ഐക്യരാഷ്ട്ര സഭ 76 മത് ജനറൽ അസ്സെംബ്ലി പ്രസിഡന്റും മാലദ്വീപ് വിദേശകാര്യ മന്ത്രിയുമായ ശ്രീ അബ്ദുള്ള ഷാഹിദ് 2021 ജൂലൈ 22-24 തിയ്യതികളിൽ ന്യൂ ഡൽഹി സന്ദർശിക്കുന്നതാണ്.

2.സന്ദർശനത്തിനിടയിൽ, ജനറൽ അസ്സെംബ്ലി പ്രസിഡന്റായ അദ്ദേഹം കൃതജ്ഞത സൂചകമായി പ്രധാനമന്ത്രിയുമായി കൂടിക്കാഴ്ച നടത്തുകയും പ്രധാനപെട്ടതും പരസ്പര താല്പര്യമുള്ളതുമായ അന്താരാഷ്ട്ര, ബഹുരാഷ്ട്ര, പ്രാദേശിക, നയതന്ത്ര പ്രശ്നങ്ങൾ സംബന്ധിച്ച് വിദേശകാര്യമന്ത്രിയുമായി ചർച്ചകൾ നടത്തുകയും ചെയ്തു. വിശിഷ്ട വ്യക്തിയുടെ സന്ദർശനത്തിനെത്തുടർന്ന് വിദേശകാര്യമന്ത്രി ഔദ്യോഗികമായ അത്താഴ വിരുന്നിനും ആതിഥേയത്വം വഹിക്കും.

3.ജനറൽ അസ്സെംബ്ലി പ്രസിഡണ്ട് സ്ഥാനത്തേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ട അദ്ദേഹം, ജൂലൈ 23 ന് ഉച്ച തിരിഞ്ഞ് ന്യൂഡൽഹിയിലെ സപ്രു ഹൗസിൽ നിന്നും ഇന്ത്യൻ കൗൺസിൽ ഓഫ് വേൾഡ് അഫയേഴ്സിൽ (ICWA) "പ്രതീക്ഷയുടെ അധ്യക്ഷത : കോവിഡ് പകർച്ചവ്യാധിയും നവീകരിച്ച ബഹുരാഷ്ട്ര വാദത്തിന്റെ ആവശ്യകതയും " എന്ന വിഷയത്തിൽ വെർചാൽ ആയി നടത്തിയ പൊതു പ്രസംഗത്തിലൂടെ UNGA യുടെ അധ്യക്ഷസ്ഥാനത്തെക്കുറിച്ചുള്ള തന്റെ കാഴചപ്പാടുകൾ പങ്കുവയ്ക്കും.

4. പൊതുസഭയുടെ പ്രസിഡന്റായി ജനറൽ അസ്സെംബ്ലിയുടെ തെരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റിന്റെ സന്ദർശനം ഐക്യരാഷ്ട്രസഭ സംബന്ധിച്ച് നിലവിലുള്ള നിരവധി ആഗോള വെല്ലുവിളികളെക്കുറിച്ചുള്ള അഭിപ്രായങ്ങൾ ചർച്ച ചെയ്യുന്നതിന് അവസരമൊരുക്കും.

ബഹുരാഷ്ട്രവാദത്തോടും ഇത്തരത്തിലുള്ള വെല്ലുവിളികളെ അഭിമുഖീകരിക്കുന്ന ഐക്യരാഷ്ട്ര സഭ നേതൃത്വത്തിനോടും ഉള്ള ഇന്ത്യയുടെ സ്ഥിരമായ പ്രതിബദ്ധത ഊട്ടിയുറപ്പിക്കുന്നതിനു ഇത് അവസരമൊരുക്കും.

5. 2021 ജൂൺ 7 ന് ജനറൽ അസ്സെംബ്ലി പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടതിനുശേഷം, ശ്രീ. അബ്ദുല്ല ഷാഹിദ് ഔദ്യോഗികമായി സന്ദർശിക്കുന്ന ആദ്യ രാജ്യമായിരിക്കും ഇന്ത്യ.

6. ജനറൽ അസ്സെംബ്ളിയുടെ നിയുക്ത പ്രസിഡന്റായ അദ്ദേഹം 2021 ഏപ്രിലിൽ മാലദ്വീപ് വിദേശകാര്യ മന്ത്രിയായിരിക്കെ അവസാനമായി ഇന്ത്യ സന്ദർശിച്ചിരുന്നു. ഇന്ത്യയുടെ അയൽരാജ്യങ്ങൾക്ക് മുൻഗണന മനയത്തിലും പ്രധനമന്ത്രിയുടെ SAGAR ദർശനത്തിലും മാലിദ്വീപുകൾക്ക് ഒരു പ്രധാന സ്ഥാനമാണ് ഉള്ളത് , കൂടാതെ ഇരുമന്ത്രിമാരും തമ്മിൽ ഉഭയകക്ഷി സഹകരണത്തിന്റെ മുഴുവൻ വശങ്ങളും അവലോകനം ചെയ്യുമെന്നും പ്രതീക്ഷിക്കുന്നു.ഇരുരാജ്യങ്ങളും തമ്മിൽ അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്ന ബന്ധങ്ങൾക്ക് ചർച്ചകൾ കൂടുതൽ കരുത്ത് പകരുന്നതായിരിക്കും. മാലിദ്വീപിൽ ഇന്ത്യൻ ഗ്രാന്റ് സഹായത്തോടെ നടപ്പാക്കേണ്ട ഉയർന്ന സ്വാധീനം ചെലുത്തിയേക്കാവുന്ന കമ്മ്യൂണിറ്റി ഡവലപ്മെൻറ് പ്രോജക്റ്റുകൾക്കായുള്ള കാരാറിൽ സന്ദർശന വേളയിൽ ഒപ്പു വയ്ക്കുന്നതായിരിക്കും .

ന്യൂ ഡൽഹി
ജൂലൈ 21, 2021

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.